# LOURDE MATHA E.M.H.S.S

## CHERPU

# ACADEMIC MASTER PLAN

## 2025-2026

# Preliminary Details

| | |
|---|---|
| School code | : 32070400505 |
| District | : Thrissur |
| Revenue Block | : BRC Cherpu |
| Education Block name | : Cherpu |
| Village | : Cherpu |
| Pin | : 680561 |
| Cluster | : G.V.H.S.S, Cherpu |
| School Category | : 1 to 10 |
| School Management | : Unaided, Recognised |
| Type of School | : Mixed |
| Habitat in Name | : cherpu |
| Constituency | : Nattika |
| Class: I | : 3 (Total sections) |
| II | : 2 |
| III | : 2 |
| IV | : 2 |
| V | : 2 |
| VI | : 2 |
| VII | : 2 |
| VIII | : 2 |
| IX | : 2 |
| X | : 2 |

Year of Establishment : 1979

Year of Recognition :

LP : 2004

UP : 1983

HS : 1996

HSS : 2010

Total Number of rooms other than Class rooms available in the School : 15

Total class rooms : 21

Total Number of Urinals available : 28

Total Number of Water facility : 23

Hand washing facility available near Toilet : Yes

Main source of drinking water : Well

No : 1

Type of Boundary wall : Yes

Library : Yes

Play ground : Yes

Computers available : 29

Computers functional : 27

Ramp for disabled Children : 1

Hostel facility : No

Computer room : 2

Staff room : 2

Separate common room for girls : 1

## Laboratories

Science Lab : 2

Smart classroom : 1

Water purifer : 4

## Teaching staff

Lower primary : 9

Upper primary : 11

Secondary : 8

Non teaching staff : 4

## സമഗ്ര ഗുണമേന്മ വിദ്യാലയ വികസനരേഖ- പ്ലാൻ

ആമുഖം:-

ദിനംപ്രതി മാറിക്കൊണ്ടിരിക്കുന്ന നവീനങ്ങളായ ശാസ്ത്രസാങ്കേതികവിദ്യകളുടെ വളർച്ചയിൽ മുന്നേറിക്കൊണ്ടിരിക്കുന്ന ഈ ലോകത്തിൽ സക്രിയമായി ഇടപെട്ട് ജീവിക്കാൻ ആവശ്യമായ ശേഷികളും ധാരണകളും മനോഭാവങ്ങളും, രൂപീകരിച്ച് സമൂഹത്തെ മുന്നോട്ട് നയിക്കാൻ പ്രാപ്തരാക്കുക എന്നതാണ് വിദ്യാഭ്യാസത്തിന്റെ ആത്യന്തിക ലക്ഷ്യം. വ്യക്തിവികാസത്തിലൂടെ സാമൂഹിക ഉന്നമനമാണ് ലക്ഷ്യം വെയ്ക്കുന്നത്

ഒരു വിദ്യാലയത്തിന്റെ സർവ്വോന്മുഖമായ വളർച്ചയ്ക്ക് വിദ്യാർത്ഥികളോടൊപ്പം അധ്യാപകരുടെയും രക്ഷിതാക്കളുടേയും സമൂഹത്തിന്റെയും സഹകരണം അത്യന്താപേക്ഷിതമാണ്. വിദ്യാർത്ഥികളുടെ പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളിൽ തിളക്കമാർന്ന വിജയം കരസ്ഥമാക്കുവാൻ പ്രധാന അധ്യാപികയുടെ നേതൃത്വത്തിൽ വിദ്യാർത്ഥികളും അധ്യാപകരും രക്ഷിതാക്കളും ഒത്ത് ഒരുമയോടെ പരിശ്രമിക്കേണ്ടത് അത്യാവശ്യമാണ്.

കുട്ടികളുടെ പഠനനിലവാരം മെച്ചപ്പെടുത്താനുള്ള പ്രവർത്തനങ്ങൾ അധ്യാപകരും, അധ്യാപകർക്കുവേണ്ടുന്ന മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്ന സംവിധാനങ്ങളും അനിവാര്യമാണ്.

എല്ലാവരെയും ഉൾക്കൊള്ളുന്നതും ഗുണനിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പാക്കുകയും ചെയ്യുക എന്ന ലക്ഷ്യപ്രാപ്തിക്ക് ഉതകുന്നതാണ് സമഗ്രഗുണമേന്മ വിദ്യാലയ വികസനരേഖ. ഈ വികസനത്തിനായി വിദ്യാഭ്യാസരീതികൾക്ക് നൂതനമായ രൂപരേഖ തയ്യാറാക്കേണ്ടതുണ്ട്. യു.എൻ സുസ്ഥിരവികസനത്തിന്റെ സൂചികകളിൽ ഗുണനിലവാരമുള്ള വിദ്യാഭ്യാസം നാലാമതായി പറഞ്ഞിരിക്കുന്നു. എല്ലാറ്റിന്റെയും അടിസ്ഥാനം ഇതുതന്നെ. അക്കാദമിക ഭൗതിക വളർച്ചയ്ക്ക് ഈ വിദ്യാലയം ചെയ്യുന്നതും മാറ്റം വരുത്തേണ്ടതുമായ കാര്യങ്ങൾ ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 2. ലക്ഷ്യങ്ങൾ- അക്കാദമിക മികവിന് ഊന്നൽ

ഒരു വിദ്യാലയം ഉന്നതിയിലെത്തുന്നത് അക്കാദമിക നിലവാരത്തിന്റെ അടിസ്ഥാനത്തിലാണല്ലോ.

1. വിദ്യാർത്ഥിയും വിദ്യാലയാന്തരീക്ഷവും പഠനപ്രവർത്തനവും അങ്ങേയറ്റം ആസ്വാദ്യകരമാക്കണം.
2. വിദ്യാലയങ്ങളിൽ കുട്ടികളുടെ പൂർണ്ണ പങ്കാളിത്തം ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കണം.
3. വിദ്യാർത്ഥികൾക്ക് ക്ലാസ് മുറിയിലെ പഠനപ്രവർത്തനങ്ങൾക്ക് പുറമെ കലാ,കായിക, പ്രവൃത്തി പരിചയ പഠന പ്രവർത്തനങ്ങളിൽ സജീവമായി ഇടപെടുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കണം.
4. വളർന്നു വരുന്ന തലമുറയ്ക്ക് വിവരസാങ്കേതിക വിദ്യയുടെയും ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെയും (AI) പ്രത്യേക പരിശീലനം കൊടുക്കണം.

## വിദ്യാലയത്തിന്റെ ലഘുചരിത്രം

കലകളുടെ കലവറയായി പഞ്ചവാദ്യത്തിന്റെയും ചെണ്ടമേളത്തിന്റെയും പെരുമയിൽ സാംസ്കാരിക കേരളത്തിന്റെ തുടിപ്പുകൾ ഏറ്റുവാങ്ങിയ ഒരു ഗ്രാമം. മഹാത്മാവിന്റെ പാദസ്പർശമേറ്റ മഹാത്മ മൈതാനവും പള്ളിമണികൾ വിശുദ്ധ ഗീതമുതിർക്കുന്ന ദേവാലയവും പഞ്ചമന്ത്രങ്ങളുണരുന്ന ക്ഷേത്ര ഗോപുരനടകളും ചേർന്ന ഒരു ചേരലിന്റെ ഇരിപ്പിടം.

ജനനിബിഡമായ തൃശൂർ - തൃപ്രയാർ വഴിയിൽ പുരാതനമായ ക്രൈസ്തവ പാരമ്പര്യം വിളിച്ചോതുന്ന സെന്റ് ആന്റണീസ് കത്തോലിക്കാ ദേവാലയത്തിനടുത്ത് 1946 മുതൽ Our lady of Lourde convent :- എന്ന നാമധേയത്തിൽ തൃശൂർ അസീസി പ്രോവിൻഷ്യലേറ്റിന് കീഴിലുള്ള ഫ്രാൻസിസ്കൻ ക്ലാരിസ്റ്റ് സന്യാസിനി ഭവനം ആരംഭിച്ചു. സമൂഹത്തിന്റെ ആവശ്യമാണെന്ന് തിരിച്ചറിഞ്ഞുകൊണ്ട് 1974-ൽ ലൂർദ്ദ്മാത എന്ന നാമധേയത്തിൽ ഇംഗ്ലീഷ് മീഡിയം സ്കൂൾ ആരംഭിച്ചു. 1974 ജൂണിൽ KG വിഭാഗം ആരംഭിച്ചതോടൊപ്പം ഈ പരിസരത്ത് കേരള സിലബസിൽ മറ്റൊരു ഇംഗ്ലീഷ് മീഡിയം സ്കൂൾ ഇല്ലെന്ന് മനസ്സിലാക്കി.

1979 ജൂണിൽ LP വിഭാഗവും ആരംഭിച്ചു. വർഷങ്ങൾ തീർന്ന വളർച്ചകൾ ലൂർദ്ദ്മാതായെന്ന വിദ്യാനികേതനത്തെയും വലുതാക്കി. 1983 ൽ യു.പി വിഭാഗവും 1995 ൽ HS വിഭാഗവും ആരംഭിച്ചു. 1997-1998 കാലഘട്ടത്തിൽ ആദ്യ S.S.L.C ബാച്ച് പരീക്ഷയെഴുതി.

ലൂർദ്ദ് മാതയെ വലുതാക്കാൻ അക്ഷീണം പ്രയത്നിച്ച സി. ആനബെലയായിരുന്നു വിദ്യാലയത്തിലെ ആദ്യ പ്രധാനാധ്യാപിക. 1989-90ൽ ചേർപ്പ് സബ് ജില്ലയിലെ യു.പി വിഭാഗം ഏറ്റവും നല്ല സ്കൂൾ ആയി ലൂർദ്ദ്മാത ഇംഗ്ലീഷ് മീഡിയം തിരഞ്ഞെടുക്കപ്പെട്ടു. ജില്ല സംസ്ഥാനതല മത്സരങ്ങളിൽ സമ്മാനങ്ങൾ വാരിക്കൂട്ടി. 1991 ലെ യുവജനോത്സവത്തിൽ അനുരാധ എസ്. ആർ കലാതിലകമായി തിരഞ്ഞെടുക്കപ്പെട്ടു. KPST ബോർഡ് സംഘടിപ്പിച്ചു. All kerala examinations ന് ജിബിൻ എം. കെ സ്വർണ്ണമെഡലും കരസ്ഥമാക്കി.

1998-ലെ ആദ്യ SSLC ബാച്ച് വിദ്യാർത്ഥികൾ അഭിമാനകരമായ വിജയം സ്വന്തമാക്കിയതോടൊപ്പം സ്കൂളിന് A യുടെ 15-ാമത്തെ റാങ്കും ഇരട്ടിമധുരമായി. 1998 - 2025 വരെയുള്ള SSLC പരീക്ഷകളിൽ 100% വിജയം ലൂർദ്ദ്മാതയ്ക്ക് കൈവരിക്കാനായിരുന്നു. പഠനത്തിലും കലയിലും മികവും, തികവുമായി ലൂർദ്ദ്മാതയുടെ വിജയ ചരിത്രം ആവർത്തിക്കപ്പെട്ടു. കൂടാതെ സബ്ജില്ലാ കലോത്സവങ്ങളിലും പ്രവൃത്തി പരിചയമേളകളിലും ലൂർദ്ദ്മാതയുടെ വിജയം തിളക്കമാർന്നതായിരുന്നു. തുടർച്ചയായി ഹൈസ്കൂൾ കലാതിലകപട്ടം 2002ലും 2003ലും ലൂർദ്ദ്മാതാ സ്വന്തമാക്കി. 2024-25 അധ്യയനവർഷത്തിൽ സംസ്ഥാന കലോത്സവത്തിലും പ്രവൃത്തി പരിചയമേളയിലും, കായികരംഗത്തും തിളക്കമാർന്ന വിജയം കൈവരിക്കുവാൻ ലൂർദ്ദ്മാതയ്ക്ക് കഴിഞ്ഞു. കായികരംഗത്ത് ദേശീയതലത്തിൽ പങ്കെടുത്ത് വിജയികളായതും ലൂർദ്ദ്മാതയ്ക്ക് അഭിമാനകരമായ നേട്ടമാണ്. P.C.M. Scholarship പരീക്ഷയിൽ topper School Award ലൂർദ്ദ്മാതയെ തേടിയെത്തി. 2003-ൽ അവികസിത മേഖലയിൽ നിന്നുള്ള Best School Award ലൂർദ്ദ്മാതയ്ക്ക് ലഭിച്ചു. ഈ കാലഘട്ടത്തിൽ കമ്പ്യൂട്ടർ പഠനത്തിന്റെ സുഗമമായ നടത്തിപ്പിനു-വേണ്ടി ശ്രീ. കെ.പി. രാജേന്ദ്രൻ MLA കമ്പ്യൂട്ടർ റൂം ഉദ്ഘാടനം നിർവഹിച്ചു.

2004 ജൂൺ 25ന് LP വിഭാഗത്തിന് ഗവൺമെന്റ് അംഗീകാരം ലഭിച്ചു. 2004-2005ൽ രണ്ടാം തവണയും ലൂർദ്ദ് മാതാ best school award നേടി. 2005ലെ SSLC computer practical exam center ആയി ലൂർദ്ദ് മാതയെ തിരഞ്ഞെടുത്തു. കോച്ചിംഗ് സമ്പ്രദായം നടപ്പിലാക്കിയ ആദ്യ വർഷം തന്നെ തൃശ്ശൂർ വിദ്യാഭ്യാസ ജില്ലയിൽ നൂറുമേനി വിജയം നേടിയ ഏക സ്ഥാപനം ചേർപ്പ് ലൂർദ്ദ് മാതയാണ്.

2012 മാർച്ചിൽ ആദ്യമായി നമ്മുടെ വിദ്യാലയത്തിന് SSLC exam center ലഭിക്കുകയും ആദ്യ ബാച്ച് 100 വിദ്യാർത്ഥികൾ പരീക്ഷക്കിരുന്ന് വിജയം നേടി. 2010-2011ൽ ലൂർദ്ദ് മാതയുടെ അൻപതാ-ണ്ടത്ത് +2 കോഴ്സിന് അനുമതി ലഭിച്ചു. +2 Science, commerce ബാച്ചുകൾ അധ്യായനം ആരംഭിക്കുകയും ചെയ്തു. "വിദ്യാർത്ഥികളുടെ വിജയം ജീവിതത്തിലും പരീക്ഷയിലും" എന്ന ലക്ഷ്യത്തോടെ ലൂർദ്ദ് മാതയുടെ ഇപ്പോഴത്തെ

സാരഥിയായ സി. സരിത പുലിക്കോട്ടിൽ 2022-ൽ ചുമതലയേറ്റു. ലൂർദ്ദ്മാതാവിന്റെ പാദാരവിന്ദങ്ങളിൽ ആശ്രയവും ആദരവും നേടിയ ഇക്കഴിഞ്ഞ അധ്യയന വർഷത്തിൽ +2വിനും SSLC ക്കും നൂറുമേനി വിജയം സ്വന്തമാക്കാൻ ഈ അക്ഷരകുടാരത്തിന് കഴിഞ്ഞു. വീണ്ടും 2024-25ൽ +2 വിനും, SSLC ക്കും 100% വിജയം ലഭിച്ചു.
S.S.L.C. ആരംഭിച്ച നാൾ മുതൽ ഇന്നോളം വരെ തുടർച്ചയായി 100% വിജയം SSLCക്ക് കരസ്ഥമാക്കാൻ ലൂർദ്ദ്മാതക്ക് കഴിഞ്ഞു എന്നുള്ളത് ഏറെ പ്രശംസനീയമാണ്. 3 വർഷങ്ങളുമായി +1 അഡ്മിഷൻ വിദ്യാർത്ഥികൾ കുറഞ്ഞതുകൊണ്ട് മാനേജ്മെന്റിന്റെ തീരുമാന പ്രകാരം P.T.A യുടെ അംഗീകാരത്തോടെ ഹയർസെക്കന്ററി 2025-26 അധ്യയനവർഷം മുതൽ നിർത്തലാക്കി.

സാരഥിയായ സി. സരിതയുടെ കാലത്തും വിജയചരിത്രങ്ങൾ ആവർത്തിച്ചുകൊണ്ട് ലൂർദ്ദ്മാതാ മുന്നേറുന്നു. പരി. അമ്മയുടെ വെൺമയാർന്ന കാപ്പയ്ക്കുള്ളിൽ ആശ്രയമർപ്പിച്ച് ഇന്നും കർമ്മനിരതയായി അധ്യാപകരും, സി. സരിതയും തളരാതെ തുടരുന്നു ...... പ്രാർത്ഥനയിൽ നന്മ നിമിഷങ്ങൾ സമ്മാനിക്കുന്ന വലിയ അനുഗ്രഹങ്ങൾക്കായി കാതോർത്ത് ........

2024-25 AI, Skating (24-25), Karate (23-24), Chess (23-24),
Games items - Hockey, Hand Ball (24-25), Kabadi., Kalolsavam, Sasthramela

# വിദ്യാലയം മികവിന്റെ കേന്ദ്രം

ഘട്ടം ഘട്ടമായി സംസ്ഥാനത്തെ മുഴുവൻ വിദ്യാലയങ്ങളെയും മികവിന്റെ കേന്ദ്രങ്ങളാക്കുക എന്നതാണ് വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ലക്ഷ്യം. ഏതെല്ലാം ഘട്ടങ്ങളിലൂടെ വിദ്യാലയ പ്രവർത്തനങ്ങൾ പുരോഗമിക്കണം എന്ന് ചുവടെ ചേർക്കുന്നു.

1. പ്രൈമറി ക്ലാസ് മുതൽ ആവശ്യമായ ധാരണകളും കഴിവുകളും നേടിയിട്ടുണ്ട് എന്ന് ഉറപ്പുവരുത്തുക. മതനിരപേക്ഷ ജനാധിപത്യ സംസ്കാരം വികസിപ്പിക്കാനാവശ്യമായ മൂല്യബോധം ഉളവാക്കുക.
2. മത്സരാധിഷ്ഠിത ലോകത്തിൽ അതിജീവിക്കാൻ ആവശ്യമായ കഴിവുകൾക്കൊപ്പം മൂല്യബോധങ്ങൾ ഉളവാക്കാൻ ആവശ്യമായ പഠന പ്രക്രിയയും പഠനാന്തരീക്ഷവും ഒരുക്കുക.
3. വിദ്യാഭ്യാസ കാര്യത്തിൽ മുൻപന്തിയിൽ നിൽക്കുന്ന രാജ്യങ്ങളോട് വിദ്യാഭ്യാസരീതികൾ ഉൾക്കൊള്ളിച്ച് ലോകോത്തര വിദ്യാഭ്യാസ മുഖം വികസിപ്പിക്കുക.
4. ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യകൾ പഠനപ്രവർത്തനത്തിനായി വിനിയോഗിക്കുക.
5. ജനാധിപത്യ പരിസ്ഥിതി സൗഹൃദ വിദ്യാഭ്യാസം സാധ്യമാക്കുന്നതരത്തിൽ ഭൗതികപരിസരത്തിലും ക്ലാസ് റൂം ആർക്കിടെക്ചറിലും മാറ്റം വരുത്തുക.

## പദ്ധതി രൂപീകരണ പ്രക്രിയ

## വിവിധ ഘട്ടങ്ങളിൽ നടന്ന കാര്യങ്ങൾ

കാലത്തിനനുസരിച്ചുള്ള കരിക്കുലവും പരിഷ്ക്കരിക്കലാണ് അക്കാദമിക് മികവിന്റെ വിളനിലം ക്ലാസ്മുറികൾ ആധുനിക പഠനത്തിന്റെ കേന്ദ്രങ്ങളായി മാറണം. വിദ്യാലയത്തിലെ അധ്യാപക അധ്യാപക യോഗത്തിൽ അക്കാദമിക വികസനരേഖ അവതരിപ്പിച്ച് മെച്ചപ്പെടുത്തേണ്ട കാര്യങ്ങളെക്കുറിച്ച് വിലയിരുത്തി. എസ്. ആർ. ജി. കൺവീനർമാരുടെ നേതൃത്വത്തിൽ പ്രക്രിയകൾ നടത്തി വിദ്യാലയ വികസന പദ്ധതികൾക്ക് സ്റ്റാഫ് കൗൺസിൽ, എസ്. ആർ. ജി എന്നിവർ ചേർന്ന് അന്തിമരൂപം നൽകി. തുടർന്ന് സബ്ജക്റ്റ് കമ്മിറ്റികൾ ചേർന്ന് പരിപാടികൾ ആവിഷ്ക്കരിക്കുന്നു. പി.ടി.എ യുടെ സഹകരണത്തോടെ വികസന പദ്ധതികൾക്ക് ചുക്കാൻ പിടിച്ചു.

വിദ്യാലയത്തിന്റെ ഭൗതിക സൗകര്യം ശിശുസൗഹൃദമാക്കുക എന്ന ലക്ഷ്യം മുന്നോട്ട് വച്ചും ആകർഷകവും ആധുനിക സൗകര്യങ്ങളോടും കൂടിയ രീതിയിൽ ഐ.ടി സാധ്യതകൾ ഉറപ്പുവരുത്തി എല്ലാ കുട്ടികളെയും വായനാശീലം ഉള്ളവരാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ ലൈബ്രറി വികസനം നടത്തി എല്ലാ കുട്ടികളുടെയും ഭാഷാപരമായ കഴിവിനെ വളർത്തുക എന്ന ലക്ഷ്യത്തോടെ വിവിധ മത്സരങ്ങളിൽ പങ്കെടുപ്പിച്ചു.

കുട്ടികളുടെ അക്കാദമിക നിലവാരം മെച്ചപ്പെടുത്തുന്നതിനായി നല്ല ചിന്തകളും പങ്കുവയ്ക്കുന്നതും അസംബ്ലികൾ സഹായിക്കുന്നു. കുട്ടികൾ ലോകവാർത്തകളും അറിയുന്നതിനു മഹാന്മാരെയും അവരുടെ വചസ്സുകൾ ഗ്രഹിക്കുന്നതിനു കാരണമാകുന്നു.

ഈ പ്രവർത്തനങ്ങളുടെ സജീവ സാന്നിധ്യത്തിനായി കുട്ടികളെ പങ്കെടുപ്പിച്ച് കുട്ടികളിലെ കലാസാഹിത്യ വാസന, ശാസ്ത്രാവബോധം, നേതൃത്വപാടവം, ജനാധിപത്യ ബോധം എന്നിവ വികസിപ്പിക്കുന്നതിന് അവസരമൊരുക്കി. ബോധവൽക്കരണ ക്ലാസുകൾ വിവിധ ഘട്ടങ്ങളിലായി നൽകി. പഠന നിലവാരത്തിൽ താഴ്ന്ന പോയ കുട്ടികൾക്ക് പ്രത്യേക സമയം കണ്ടെത്തി ക്ലാസുകൾ നൽകി. കലാകായിക മേഖലയിലും, സ്കൗട്ട് ഗൈഡ് മേഖലയിലും കുട്ടികൾക്ക് ക്ലാസുകൾ സംഘടിപ്പിക്കാറുണ്ട്. ജൂനിയർ റെഡ് ക്രോസും സജീവ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നുണ്ട്.

എല്ലാ വിഷയങ്ങളിലും നിശ്ചിത കാലയളവിലെ പഠന പുരോഗതി, പഠന പ്രശ്നങ്ങൾ ഹാജർ നില, മറ്റ് കഴിവുകൾ എന്നിവ രക്ഷിതാക്കളെ എല്ലാ മാസവും ബോധ്യപ്പെടുത്തി പിൻതുണ ആർജ്ജിച്ചെടുക്കുന്നതിനായി parents students മീറ്റിംഗുകളും നടത്തി.

## നിലവിലെ അവസ്ഥാവിശകലനം
[ഭൗതികം, അക്കാദമികം, പരിമിതികൾ, നേട്ടങ്ങൾ]

### ഭൗതികം നേട്ടങ്ങൾ

- ആധുനിക സജ്ജീകരണങ്ങളോടുകൂടിയ Computer lab, science lab.
- വിജ്ഞാനപ്രദങ്ങളായ അറിവുകൾ അടങ്ങിയ എല്ലാ വിഷയത്തിലെയും പുസ്തകങ്ങൾ ഉൾക്കൊള്ളുന്ന ലൈബ്രറി.
- ആധുനിക പഠനമാധ്യമങ്ങൾ ഉപയോഗിക്കാൻ സജ്ജമായ ക്ലാസ് മുറികൾ.
- മികച്ച A.I. പരിശീലനം.
- പത്രങ്ങൾ, ആനുകാലിക പ്രസിദ്ധീകരണങ്ങൾ എന്നിവയുടെ ലഭ്യത.
- സാമൂഹിക ശാസ്ത്ര വിഷയങ്ങൾക്ക് ഭൂപടം, ഗ്ലോബ്, പ്രൊജക്ടർ എന്നിവയുടെ ലഭ്യത.
- വിശാലമായ കളിക്കളം.
- എല്ലാ ക്ലാസ്സ് മുറികളിലും Projector ലഭ്യം.
- ഗ്രൗണ്ടിൽ വയ്ക്കാനായി wastebins.
- വൃത്തിയുള്ള ശുചിമുറികൾ.
- മികവുകളും കഴിവുകളും തെളിയിക്കാൻ ആർട്ട് സ്റ്റേജും ഹാളും ഉണ്ട്.

### പരിമിതികൾ.

- സ്കൂൾ ബസിന്റെ അഭാവം.
- ഗ്രീൻ ബോർഡിന്റെ അഭാവം.
- ഓരോ നിലകളിലും washroom ന്റെ അഭാവം.
- സ്കൗട്ട്, ഗൈഡ്, J.R.C എന്നീ പ്രസ്ഥാനങ്ങൾക്ക് സാധന സാമഗ്രികൾ സൂക്ഷിക്കുന്നതിനുള്ള റൂമിന്റെ അഭാവം.
- നിർമ്മാണം പൂർത്തീകരിക്കാത്ത കുട്ടികളുടെ പാർക്ക്.

## അക്കാദമികം

### നേട്ടങ്ങൾ

1. SSLC പരീക്ഷയിൽ 29 വർഷം തുടർച്ചയായി 100% തിളക്കമാർന്ന വിജയം. കഴിഞ്ഞവർഷം ഹയർസെക്കണ്ടറി
2. യിലും 100% വിജയം.
2. ഗുണനിലവാരമുള്ള വിദ്യാഭ്യാസം
3. USS പരീക്ഷയിൽ മികച്ച വിജയം
4. ആധുനിക പഠനമാധ്യമങ്ങൾ ഉപയോഗിച്ചുള്ള പഠനം.
5. കായികമേളയിൽ ജില്ലാതലത്തിലും സംസ്ഥാനതലത്തിലും മികച്ച വിജയം.
6. കലാമേളയിൽ ഉപജില്ലയിലും ജില്ലയിലും സംസ്ഥാനതലത്തിലും തിളക്കമാർന്ന വിജയം.
7. പ്രവൃത്തിപരിചയമേളയിൽ ഉപജില്ലയിലും ജില്ലയിലും സംസ്ഥാനതലത്തിലും മികവാർന്ന വിജയം.
8. കുട്ടികളുടെ സർഗാത്മകശേഷി വികസിപ്പിക്കുന്നതിന് ഓരോ ആഴ്ചയിലും 1 മണിക്കൂർ നൽകിയിരിക്കുന്നു.
9. മലയാളം വിദ്യാരംഗം സാഹിത്യവേദികളിൽ മികച്ച പ്രകടനം.
10. പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പഠനപിന്തുണ നൽകി ഉയർന്ന ക്ലാസിലേക്ക് സ്ഥാനക്കയറ്റം നൽകി.
11. കുട്ടികളിൽ സാമൂഹികമൂല്യം വളർത്തുന്നതിനായി സ്കൗട്ട്, ഗൈഡ്, ജെ. ആർ. സി. എന്നി പ്രസ്ഥാനങ്ങളിൽ കുട്ടികളെ ഉൾപ്പെടുത്തുന്നു.

### പരിമിതികൾ

1. വായനാശീലത്തിന്റെ അഭാവം
2. കമ്മ്യൂണിക്കേറ്റീവ് language-ന്റെ അഭാവം
3. അക്ഷരങ്ങൾ ഉറക്കാത്ത കുട്ടികൾക്ക് നൽകുന്ന ക്ലാസ് കയറ്റം.
4.

# വിദ്യാലയ മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

1. പഠനത്തിൽ മികവ് പുലർത്തുന്ന വിദ്യാർത്ഥികളെ കണ്ടെത്തി മത്സര പരീക്ഷകൾ നേരിടാൻ പ്രത്യേക പരിശീലനം നൽകുന്നു.
2. വിദ്യാർത്ഥികളുടെ സ്വഭാവരൂപീകരണത്തിനായി മൂല്യാധിഷ്ഠിത മോട്ടിവേഷൻ ക്ലാസുകൾ നൽകി വരുന്നു.
3. SSLC വിദ്യാർത്ഥികളുടെ ഉന്നത വിജയത്തിനായി അതിതീവ്ര പരിശീലന ക്ലാസുകൾ നടത്തി വരുന്നു.
4. കരാട്ടെ, ചെസ്, വോളിബോൾ, ഖൊ-ഖൊ, ഹോക്കി സ്കേറ്റിംഗ്, അബാക്കസ് എന്നിവയിൽ മികച്ച കോച്ചുകളെ ഉപയോഗപ്പെടുത്തി പ്രത്യേക പരിശീലന ക്ലാസുകൾ.
5. അധ്യാപകർക്ക് ഗുണമേന്മയുള്ള പരിശീലനക്ലാസുകളും, വിദ്യാർത്ഥികളുടെ അഭിരുചികൾ കണ്ടെത്തി വ്യത്യസ്ത കലകൾ പരിശീലിപ്പിക്കുന്ന ക്ലാസുകളും സംഘടിപ്പിക്കുന്നു.
6. L.S.S. U.S.S വിദ്യാർത്ഥികൾക്ക് തീവ്രപരിശീലന ക്ലാസുകൾ നൽകുന്നു.
7. ആനുകാലിക പ്രസക്തിയുള്ള വിഷയങ്ങളെക്കുറിച്ച് കുട്ടികൾക്ക് സെമിനാറുകൾ സംഘടിപ്പിക്കുന്നു.
8. ഉപജില്ലാ മത്സരങ്ങൾക്ക് പ്രത്യേകം അധ്യാപകരെ ഏർപ്പെടുത്തി പരിശീലനം നൽകുന്നു.

4 ശാസ്ത്ര, ഗണിത, പ്രതിഭകളെ കണ്ടെത്തൽ

കുട്ടികളിൽ ശാസ്ത്രബോധം, ഗണിത പ്രാവീണ്യം എന്നിവ വളർത്താൻ ആവശ്യമായ പ്രവർത്തനങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നു കൂടാതെ സ്കൂൾ, ഉപജില്ല, ജില്ല, സംസ്ഥാനതല ശാസ്ത്ര-മേളകളിൽ പങ്കെടുത്ത് പ്രതിഭകളെ കണ്ടെത്താനും വളർത്താനും വളരെയധികം സാധിക്കുന്നു.

5 വിദ്യാലയം എന്ന വലിയ കുടുംബം

സാമൂഹ്യ പ്രതിബദ്ധതയുള്ള വിശാലമനസ്സുള്ള നല്ല മക്കളെ ലോകത്തിനു സമ്മാനിക്കാൻ വിദ്യാർത്ഥികളും, അധ്യാപകരും, മാതാപിതാക്കളും ഒത്തൊരുമിച്ച് പരിശ്രമിക്കുന്നു. വീഴ്ചകളിൽ ഉയരാനെ താങ്ങായ്, തണലായി, നല്ലൊരു കേൾവിക്കാരിയായി, നല്ലൊരു സുഹൃത്തായി കൂട്ടുകാരുമായും മാറുന്നു.

6. കായിക മേഖലയിലെ പുരോഗതി

കുട്ടികളിൽ കായികമികവ് പുലർത്തുന്നതിനുവേണ്ടി സ്പോർട്സ്, ചെസ്സ്, കരാട്ടെ, സ്കേറ്റിംഗ് എന്നി വിഭാഗങ്ങളിൽ പ്രത്യേക പരിശീലനം കൊടുത്ത് കുട്ടികളെ പുരോഗതിയിലേക്ക് നയിക്കുന്നു. വിവിധയിനം മത്സരവിഭാഗങ്ങളിൽ പങ്കെടുത്ത് ജേതാക്കളാകുന്നു. വിജയികളാകുന്നു. പുരോഗതിയുടെ വാതായനങ്ങൾ കുട്ടികളുടെ മുന്നിലേക്ക് തുറന്നിടുന്നു.

പ്രതീക്ഷിത നേട്ടങ്ങൾ (കുട്ടികളുടെ അക്കാദമിക മികവിന് ഊന്നൽ)

* 2025-26 അധ്യയനവർഷത്തിൽ 100 % വിജയത്തോടെ വിദ്യാലയത്തിന്റെ യശസ്സ് ഉയർത്തുന്നു.
* പാഠ്യ പാഠ്യേതര വിഷയങ്ങളിൽ മികവു പുലർത്തുന്നതിനുവേണ്ടി DCL, USS തുടങ്ങിയ സ്കോളർഷിപ്പുകൾക്ക് മികച്ച പരിശീലനം നൽകുക.
* വിദ്യാരംഗം കലാവേദിയുടെ പ്രവർത്തനങ്ങളിലൂടെ മലയാള ഭാഷയെ പ്രോത്സാഹിപ്പിക്കുക.
* ശാസ്ത്ര ഭാഷാ വിഷയങ്ങളിൽ മികവു പുലർത്താനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.
* Sports Academy യുടെ നേതൃത്വത്തിൽ കുട്ടികളുടെ കായികശേഷി മെച്ചപ്പെടുത്താൻ അവസരങ്ങൾ നൽകുക
* ദിനാചരണങ്ങൾ കൂടുതൽ അറിവ് പകരുന്ന രീതിയിലേക്ക് മാറ്റാൻ ശ്രമിക്കുക.
* ICT, AI സാധ്യതകൾ കൂടുതൽ പ്രയോജനപ്പെടുത്തുക
* പഠനവൈകല്യമുള്ള കുട്ടികളെ പ്രോത്സാഹിപ്പിക്കുന്ന വിധത്തിലുള്ള പഠനപ്രവർത്തനങ്ങൾ സംഘടിപ്പിച്ച് അവരെ ഉയർത്തിക്കൊണ്ടു വരിക.
* ഓരോ കുട്ടിയുടെയും ഭവന സന്ദർശനം നടത്തി ഭൗതിക, പഠന, സാമ്പത്തിക സാഹചര്യങ്ങൾ വിലയിരുത്തി പോരായ്മകൾ പരിഹരിക്കുക.
* കുട്ടികളുടെ കലാപരമായ കഴിവുകളെ പ്രോത്സാഹിപ്പിക്കുന്നതിനായി സ്കൂൾ, ഉപജില്ലാ, ജില്ലാ കലോത്സവങ്ങളിൽ കുട്ടികളെ സജീവമായി പങ്കെടുപ്പിക്കുക.

## മോണിറ്ററിംഗ് രീതി

* പ്രധാനാധ്യാപിക എല്ലാ അധ്യാപകരുടെയും Teaching note കൃത്യമായി പരിശോധിക്കുകയും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും, ഓരോ അധ്യാപകരുടെയും ക്ലാസ്സ് കാണുകയും മോണിറ്ററിംഗ് നടത്തുകയും ചെയ്യുന്നു. അതിനുശേഷം ഉചിതമായ നിർദേശങ്ങൾ നൽകുകയും ചെയ്യുന്നു.
* ഓരോ കുട്ടികളുടെയും വീടുസന്ദർശനം നടത്തി പഠനനിലവാരം വിലയിരുത്തുകയും, ജീവിത സാഹചര്യങ്ങൾ കണ്ടെത്തി കുട്ടികളെ മനസ്സിലാക്കി പ്രോത്സാഹിപ്പിക്കുകയും അവർക്കു വേണ്ട നിർദേശങ്ങളും സഹായങ്ങളും നൽകുകയും ചെയ്യുന്നു.
* പഠനത്തിന് പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് അനുയോജ്യമായ രീതിയിൽ പഠനപ്രവർത്തനങ്ങൾ നൽകുകയും മറ്റു കുട്ടികളോട് അവർക്കുവേണ്ട സഹായങ്ങൾ നൽകുവാനും നിർദേശിക്കുന്നു.
* പഠനത്തിന് പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പരിഹാരബോധന ക്ലാസ്സ് നൽകുന്നുണ്ടോ എന്നും ICT സാധ്യതകൾ ഉപയോഗിക്കുന്നുണ്ടോ എന്നും കൃത്യമായി മോണിറ്ററിംഗ് ചെയ്തുവരുന്നു.
* കുട്ടികൾക്ക് ജീവിത നൈപുണികൾ സ്വായത്തമാക്കുവാൻ സാധിക്കുന്ന രീതിയിലുള്ള പഠനപ്രവർത്തനങ്ങളാണോ നൽകുന്നത് എന്നും വിലയിരുത്തുന്നു.

* വ്യത്യസ്ത മേഖലകളിൽ മികവ് കാണിക്കുന്ന വിദ്യാർത്ഥികളെ കണ്ടെത്താനുള്ള ബോധനമാർഗങ്ങൾ അവലംബിക്കണം
* ശേഷികളുടെ അടിസ്ഥാനത്തിൽ അടുത്ത ക്ലാസു-കളിലേക്ക് സ്ഥാനകയറ്റം നൽകണം
* എല്ലാ വിദ്യാർത്ഥികളെയും ജയിപ്പിച്ച് അടുത്ത ക്ലാസിലേക്ക് കയറ്റിവിടുന്നത് പഠനത്തെ പ്രതികൂലമായി ബാധിക്കും
* വിവിധ സ്കോളർഷിപ്പ് പദ്ധതികൾ ആവിഷ്കരിച്ച് കുട്ടികൾക്ക് കൂടുതൽ പങ്കാളിത്തം നൽകണം

വായനാമൂല, വായന പ്രവർത്തനങ്ങൾ എന്നിവ സജീവമാക്കൽ :-

കുട്ടികൾക്ക് താൽപര്യവും ഭാവനയും വളർത്തുന്ന പ്രസിദ്ധീകരണങ്ങളായ ബാലമാസികകൾ, ആനുകാലികങ്ങൾ, ദിനപത്രങ്ങൾ എന്നിവ ഉൾപ്പെടുത്തി വായനാമൂല ഒരുക്കൽ

വായിച്ച പുസ്തകങ്ങളെ അടിസ്ഥാനപ്പെടുത്തി ആസ്വാദനകുറിപ്പ് തയ്യാറാക്കൽ

ഭാഷയിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം നൽകുന്നു

വായന മത്സരം - അർത്ഥ വ്യക്തതയോടെ ഉച്ചാരണ ശുദ്ധിയോടെ വായിക്കാൻ കിട്ടുന്ന കുട്ടികളെ ഗ്രൂപ്പാക്കി വായനാമത്സരം നടത്തും

സ്കൂൾ ലൈബ്രറി കൂടുതൽ പ്രവർത്തനമാക്കുക

അധ്യാപിക പ്രവർത്തനങ്ങൾ വൈവിധ്യമാക്കുക

Wi Fi സംവിധാനം, മറ്റ് അടിസ്ഥാന സംവിധാനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുക .

## സർഗാത്മക പ്രകടനങ്ങൾക്ക് അവസരം ഒരുക്കൽ

കുട്ടികളിൽ മാനസിക ഉല്ലാസം വളർത്തി പഠനം വിരസമാകാതിരിക്കുവാൻ സർഗാത്മകത പരിപോഷിപ്പിക്കുക എന്ന ആശയം മുന്നോട്ട് വയ്ക്കേണ്ടതുണ്ട്. സർഗാത്മകതയും ഭാവനയും പഠനവും പരസ്പരം കൈകോർക്കുന്നു. അവയെ വേർതിരിക്കാനാവില്ല.

* ക്ലാസുകളിലെ സർഗ്ഗവേളകൾ കാര്യക്ഷമമാക്കുക. വിദ്യാരംഗം കലാസാഹിത്യവേദി കുട്ടികളുടെ സർഗാത്മകത വളർത്തുവാൻ സഹായകരമാണ്.
* സർഗാത്മകത വർദ്ധിപ്പിക്കുന്നതിനുള്ള മികച്ച മാർഗ്ഗമാണ് കളികൾ. ക്ലാസുകളിലെ കായിക വേളകൾ കാര്യക്ഷമമാക്കുക. കളികളിലൂടെ കുട്ടികളിൽ അവരുടെ ആത്മവിശ്വാസം വളരുന്നു. പുതുമ കണ്ടെത്തുന്നു.
* Radio Mango യുടെ ഭാഗമായി കുട്ടികളുടെ കലാപരമായ കഴിവുകൾ പ്രകടിപ്പിക്കുന്നു.
* ദിനാചരണങ്ങൾ കുട്ടികളുടെ കലാപരവും രചനാപരവുമായ കഴിവുകളെക്കൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ളതാക്കുക.

* സ്കൂൾ കലോത്സവങ്ങൾ, വാർഷിക ആഘോഷങ്ങൾ സജീവമാകുന്നതിലൂടെയും കുട്ടികൾക്ക് അവരുടെ സർഗാത്മക കഴിവുകൾ വളർത്തിക്കൊണ്ടുവരുവാനും പ്രദർശിപ്പിക്കാനും അവസരം ഉണ്ടാക്കുകയും ചെയ്യുന്നു.

## വിദ്യാലയത്തിലെ മാധ്യമ പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കൽ

* Media Lab സജ്ജമാക്കുന്നത് നന്നായിരിക്കും. (computer, magazine, internet, newspaper, projector etc)
* വിദ്യാലയത്തിലെ latest news ഉൾക്കൊള്ളിച്ചുകൊണ്ട് News Letter തയ്യാറാക്കൽ.
* വിദ്യാലയത്തിന് ഒരു Youtube channel ഉണ്ടാക്കുകയും അത് update ചെയ്യാനായി ശ്രമിക്കുകയും വേണം.
* സ്കൂളിന്റെ പ്രവർത്തനങ്ങൾ വിവരിക്കുന്ന തരത്തിൽ ഒരു Website ഉണ്ടാക്കേണ്ടതാണ് (Head master's message, photos, faculty details, Social activities, different day celebrations)
* കുട്ടികളുടെ സർഗാത്മകകഴിവുകൾ പ്രകടിപ്പിക്കുന്നതിനായി Radio channel ഉണ്ടാക്കുന്നത് നല്ലതാണ്
* ഓരോ മാസത്തെ കാര്യങ്ങൾ News report പോലെ Notice board-ൽ പ്രദർശിപ്പിക്കണം.
* School-നെകുറിച്ച് Documentary തയ്യാറാക്കുന്നു.
* ദിനാചരണവുമായി ബന്ധപ്പെട്ട വീഡിയോ update ചെയ്യുന്നത് നല്ലതാണ്.
* ICT സാധ്യത ഉപയോഗിച്ച് നൂതന മാധ്യമങ്ങളെ പരിചയപ്പെടുത്തുന്നു ആനുകാലിക പ്രസക്തിയോടുകൂടി

## ഐ.ടി അധിഷ്ഠിത പഠനത്തിന് അനുകൂല സാഹചര്യം സൃഷ്ടിക്കൽ

(*) വിവിധ വിഷയങ്ങൾ പഠിപ്പിക്കുമ്പോൾ കൂടുതലായി ഐ.ടി സാധ്യതകൾ പ്രയോജനപ്പെടുത്തുക

(*) ചെറിയ ക്ലാസ്മുതൽ IT പരീക്ഷകളും എല്ലാ ക്വിസ് മത്സരങ്ങളും എല്ലാ വിദ്യാർത്ഥികൾക്കുമായി സംഘടിപ്പിക്കുക

(*) I.T വിദഗ്ധരുടെ ക്ലാസുകൾ പ്രയോജനപ്പെടുത്തുക

(*) വ്യക്തിഗത I.T പഠനത്തിനായി വിദ്യാലയത്തിലെ കമ്പ്യൂട്ടർ ലാബ് വിപുലപ്പെടുത്തുക

(*) എല്ലാ ക്ലാസുകളിലും I.T പഠനത്തിനുള്ള സാഹചര്യം (Projector, Laptop) ഒരുക്കുക.

(*) അധ്യാപക പരിശീലനങ്ങൾ നടത്തുക

(*) അധ്യാപക സഹായികൾ/Hand Book എന്നിവ വിതരണം ചെയ്യുക

(*) ഐ.ടി പഠനത്തിൽ പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് കൂടുതൽ പരിശീലനം നൽകുക

## അധ്യാപകരുടെ പഠനക്കൂട്ടായ്മ രൂപപ്പെടുത്താൻ മുൻകൈയെടുക്കൽ

(1) അധ്യാപകരുടെ പഠനക്കൂട്ടായ്മയുടെ വളർച്ചയ്ക്ക് നിലവിൽ നടത്തി വരുന്ന ക്ലസ്റ്റർ പരിശീലനങ്ങൾ കൂടുതൽ ഊർജ്ജസ്വലവും പ്രാവീണ്യം നേടിയ പരിശീലകരിൽ നിന്നും ലഭ്യമാക്കുക.

(2) വിഷയങ്ങൾ തിരിച്ച് അധ്യാപകർക്ക് പരിശീലനം നൽകുന്നതോടൊപ്പം പഠനോപകരണ നിർമ്മിതിയിലും പ്രാവീണ്യം നേടുന്നതിനാവശ്യമായ പരിശീലന ക്ലാസുകൾ സംഘടിപ്പിക്കുന്നത് കൂടുതൽ ഉപകാരപ്രദമാകും.

(3) അധ്യാപകർ സ്വന്തമായി നിർമ്മിച്ച പഠനോപകരണങ്ങളുടെ പ്രദർശനവും നിർമ്മാണത്തെ സംബന്ധിക്കുന്ന ക്ലാസുകളും സംഘടിപ്പിക്കുന്നത് അധ്യാപകർക്ക് പരസ്പരം അറിയാനും സംശയങ്ങൾ ദൂരീകരിക്കാനും സഹായിക്കും. ഏറ്റവും നല്ല പഠനോപകരണങ്ങൾ പങ്കുവെക്കാൻ വേദി ഒരുക്കണം.

(4) പഠനക്കൂട്ടായ്മയോടൊപ്പം പാഠ്യേതര വിഷയങ്ങളിൽ എല്ലാ അധ്യാപകർക്കും കൂട്ടായ്മകൾ രൂപീകരിക്കാം. ആഴത്തിലുള്ള പാഠ പഠന ചർച്ചകൾ നടത്തണം.

(5) കലാ കായിക മേഖലകളിൽ അധ്യാപകർക്കുള്ള താൽപര്യം അനുസരിച്ച് കൂട്ടായ്മകൾ സംഘടിപ്പിക്കാം.

(6) ക്ലസ്റ്റർ തലത്തിലുള്ള പഠനക്കൂട്ടായ്മ യോടൊപ്പം ജില്ലാ തലത്തിലും സംസ്ഥാന തലത്തിലും കൂട്ടായ്മകൾ സംഘടിപ്പിക്കാം. അധ്യാപകരിൽ ആത്മവിശ്വാസം വർദ്ധിപ്പിക്കുന്ന ക്ലാസ്സുകൾ സംഘടിപ്പിക്കാം.

(7) പഠനക്കൂട്ടായ്മയോടൊപ്പം തന്നെ അധ്യാപകർക്ക് മാനസികോല്ലാസത്തിനും മറ്റും ആവശ്യമായ field trip കളും ഉല്ലാസയാത്രകളും നടത്താൻ അവസരം നൽകണം.

(8) വിഷയ, ക്ലാസ് അടിസ്ഥാനമാക്കി ഉപഗ്രൂപ്പുകൾ ഒരുക്കുകയും പരസ്പര ക്ലാസ് ഒബ്സർവേഷൻ, ഫീഡ്ബാക്ക് പ്രവർത്തനങ്ങൾ തുടങ്ങിയവ സംഘടിപ്പിക്കുകയും ചെയ്യണം.

(9) വായനയുടെ പ്രാധാന്യം, ശാസ്ത്രീയ രീതിയിലുള്ള ക്ലാസുകൾ ആസൂത്രണം ചെയ്യൽ തുടങ്ങിയവ നടപ്പിലാക്കണം.

## സമൂഹത്തിന്റെ വിശ്വാസ്യത ആർജ്ജിക്കൽ

* വിദ്യാലയങ്ങൾക്ക് പിന്തുണ നൽകുന്ന പ്രാദേശിക ഭരണകൂടത്തെ വിദ്യാലയാന്തരീക്ഷം മെച്ചപ്പെടുത്താൻ വേണ്ട പ്രവർത്തനങ്ങളിൽ പങ്കെടുപ്പിക്കാം
* വിദ്യാർത്ഥികൾ ചെയ്യുന്ന സർവ്വേകളും പ്രൊജക്ടുകളും സാമൂഹികക്ഷേമത്തെ മുൻനിർത്തിയുള്ളതായിരിക്കുക
* വിദ്യാർത്ഥികൾക്കാവശ്യമായ പരിശീലനം വിവിധ വിഷയങ്ങളിൽ നൽകി വിവിധ വിഭാഗത്തിലുള്ള ജനങ്ങൾക്ക് വിദ്യാലയത്തിൽ ബോധവൽക്കരണ ക്ലാസ് നൽകുക
* സമൂഹം നേരിടുന്ന പ്രശ്നങ്ങളെ മനസ്സിലാക്കി നിവേദനം തയ്യാറാക്കൽ മുന്നോട്ട് വരുന്ന വ്യക്തിത്വങ്ങളാകുന്നു.
* വിദ്യാർത്ഥികളിൽ മൂല്യബോധം വളർത്താൻ തുടങ്ങുന്ന ക്ലാസുകളും സംവാദങ്ങളും നടത്താൻ പ്രാപ്തരാക്കുക.

# വിദ്യാലയം സമൂഹമായി ബന്ധിപ്പിക്കൽ

വിദ്യാലയവും സമൂഹവുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. സമൂഹത്തിൽ നിന്നാണ് പഠിതാവ് വിദ്യാലയത്തിൽ എത്തുന്നത്. വിദ്യാലയത്തിൽ നിന്ന് പഠിതാവ് സമൂഹത്തിൽ തിരിച്ചെത്തുന്നു. മൂല്യാധിഷ്ഠിതവുമായ ജീവിതചര്യയാണ് അവിടത്തെ വിദ്യാലയം സ്വാധീനം ചെലുത്തുന്നത്. അതിനാൽ വിദ്യാലയ പ്രവർത്തനം സമൂഹത്തിൽ ഇറങ്ങിച്ചെന്ന് പ്രവർത്തിക്കാൻ ഉതകുന്ന തരത്തിൽ ആസൂത്രണം ചെയ്യണം.

പ്രവർത്തനങ്ങൾ

* ലഹരിയുടെ ദോഷവശങ്ങൾ (ക്ലാസ്)
* ബോധവത്ക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുക.
* സാംക്രമിക രോഗങ്ങളുടെ വ്യാപനം തടയൽ. (ബോധവത്ക്കരണം)
* പരിസരം വൃത്തിയാക്കൽ
* വായന.
* ഫ്ലാഷ് മോബ്, തെരുവ് നാടകങ്ങൾ തുടങ്ങിയവ നടപ്പിലാക്കുക
* കുട്ടികളുടെ യാത്രകളിൽ ഒളിഞ്ഞിരിക്കുന്ന അപകടങ്ങളെ നിരീക്ഷിക്കാൻ സമൂഹത്തിന്റെ സഹായം തേടാം.
* വിദ്യാലയ പ്ലാനിംഗ് കമ്മറ്റിയിൽ അതാത് പ്രദേശത്തെ വാർഡ് മെമ്പർമാരുടെ സാന്നിദ്ധ്യം ഉറപ്പ് വരുത്തുക.

വിദ്യാലയ പ്രവർത്തനം സമൂഹത്തിൽ നിന്ന് വേറിട്ട് നടത്താൻ സാധിക്കുകയില്ല. ഓരോ വിദ്യാർത്ഥിയും ഒരു പൗരൻ ആണ്. ഓരോ പൗരനും ഒരു സമൂഹജീവിയാണ്.

# വിദ്യാലയത്തെ പരിസ്ഥിതി സൗഹൃദമാക്കൽ

* ക്ലാസ്റൂം അന്തരീക്ഷത്തിൽ നിന്നും മാറി കുട്ടികൾക്ക് നേരനുഭവം സ്വന്തമാക്കാൻ കൂടുതൽ ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ
* പരിസ്ഥിതി നേരിടുന്ന മാലിന്യപ്രശ്നങ്ങളെ മനസ്സിലാക്കി നിവേദനം തയ്യാറാക്കൽ പോസ്റ്ററുകളും.
* വൈവിധ്യങ്ങൾ നിറഞ്ഞ നമ്മുടെ നാടിന്റെ വിഭവസമ്പത്തുകൾ കാത്തുസംരക്ഷിക്കേണ്ടതിന്റെ ആവശ്യകത മനസ്സിലാക്കാൻ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുക
* വിദ്യാലയത്തിലെ ജൈവ പൂന്തോട്ടം, കളിസ്ഥലം എന്നിവയുടെ വിവരണം തയ്യാറാക്കൽ

# വിവേചനരഹിത

# വിദ്യാലയ, അവകാശാധിഷ്ഠിത

# വിദ്യാലയം

* നിറം, രൂപം, ഭാഷ, സംസ്കാരം തുടങ്ങിയവയിലെ വൈവിധ്യം നിലനിൽക്കുമ്പോഴും അന്തസ്സോടെ ജീവിക്കാനും അവകാശങ്ങൾ നേടിയെടുക്കാനുമുള്ള അർഹത ഓരോ വിദ്യാർത്ഥിക്കും വിദ്യാലയാന്തരീക്ഷത്തിൽ ലഭ്യമാകുന്നുണ്ട്.

* വികസനോന്മുഖമായ ഒരു സമൂഹനിർമ്മിതിയ്ക്ക് ഉതകുന്ന വിധത്തിൽ ആൺ-പെൺ ലിംഗവ്യത്യാസമില്ലാതെ ഗുണനിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പാക്കുക.

* ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ പഠന-ബോധന മാർഗ്ഗങ്ങൾ ഉറപ്പുവരുത്തുക.

* സമത്വം, മതേതരത്വം, മാനവികത എന്നിവ സ്വാംശീകരിക്കുന്നതിനു സ്കൂൾ പാർലമെന്റ്

വേദി ഉപയോഗപ്പെടുത്തുക. നേതൃത്വ പരിശീലന ക്യാമ്പയിനുകൾ സംഘടിപ്പിക്കുക.

* അക്കാദമിക പിന്തുണയും പരിഹാരപഠന-പ്രവർത്തനങ്ങളും എല്ലാവർക്കും ലഭ്യമാക്കണം.

# ജീവിതനൈപുണി പരിശീലനം

* കുട്ടികളുടെ ആന്തരികചലനങ്ങൾ മനസ്സിലാക്കി അവരെ മുന്നിലേയ്ക്ക് കൊണ്ടുവരുന്നതിന് സഹായകമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.
* ജീവിത സാഹചര്യങ്ങൾ വ്യത്യസ്തമായതും മാനസിക പിരിമുറുക്കം അനുഭവിക്കുന്നതുമായ വിദ്യാർത്ഥികൾക്ക് Counciling ക്ലാസുകളും, moral ക്ലാസുകളും സംഘടിപ്പിക്കുന്നു.
* വിഷയാടിസ്ഥാനത്തിൽ ചർച്ചകളും, സംവാദങ്ങളും സംഘടിപ്പിക്കുന്നു. അത് വഴി കുട്ടികളുടെ ആശയവിനിമയ ശേഷി വർദ്ധിപ്പിക്കുന്നു.
* സ്വന്തം കഴിവുകളേയും കുറവുകളെയും കുറിച്ച് കുട്ടികളെ ബോധവാന്മാരാക്കുന്നതിന് സഹായകമായ Game കൾ സംഘടിപ്പിക്കുക.
* കലാകായിക പ്രവൃത്തി പരിചയമേളകളും ഗണിത ശാസ്ത്രമേളകളും ഊർജ്ജിതപ്പെടുത്തുന്നത് വഴി കുട്ടികളിലെ ക്രിയാത്മക ചിന്തകൾ വളരുന്നു.

# ക്ലാസുകളെയും വിദ്യാലയത്തെയും ജനാധിപത്യ വൽക്കരിക്കൽ

വിദ്യാലയങ്ങളിൽ , ക്ലാസുകളിൽ ജനാധിപത്യ എന്ന ആശയം മുന്നോട്ടുവയ്ക്കുമ്പോൾ ആദ്യമായി കുട്ടികൾ പഠിക്കേണ്ട ഒരു കാര്യവും ഒരിക്കലും അവർക്ക് ഒരു ഭാരമായി മാറുകയോ അവരുടെ മേൽ ഒരു ദൗത്യമായി അടിച്ചേൽപ്പിക്കുകയോ ചെയ്യരുത്. ജനാധിപത്യ വിദ്യാഭ്യാസത്തിൽ ജനാധിപത്യം ലക്ഷ്യവും പഠനത്തിലും ആയിരിക്കുന്ന വിദ്യാഭ്യാസ സങ്കല്പമാണ്.

വിദ്യാഭ്യാസത്തിൽ ജനാധിപത്യ മൂല്യങ്ങൾ കൊണ്ടു വരികയും ഒരു തുല്യതയുള്ള സമൂഹത്തിൽ സ്വയം നിർണ്ണയാവകാശവും അതിനോടൊപ്പം നീതി, ബഹുമാന്യത, പരസ്പര വിശ്വാസം എന്നിവയും ഉൾക്കൊള്ളിക്കുകയും ചെയ്യുക ആണ് ലക്ഷ്യം.

* വിദ്യാലയത്തിലും ക്ലാസ്മുറികളിലും ജനാധിപത്യ രീതിയിൽ തിരഞ്ഞെടുപ്പ് വലിയ വിപുലമായി നടത്തുക. അതിലൂടെ തിരഞ്ഞെടുക്കുന്ന പ്രതിനിധികൾ മറ്റ് കുട്ടികളുടെ ന്യായപരമായ എല്ലാ ആവശ്യങ്ങൾക്കും പ്രശ്നപരിഹാരങ്ങൾക്കും നേതൃത്വം കൊടുക്കുക.

* സങ്കീർണ്ണമായ പ്രശ്നങ്ങളിൽ അവരുടേതായ സ്വന്തമായ വിധി രൂപപ്പെടുത്താനും കഴിയുന്ന ജനാധിപത്യ പൗരന്മാരെ സൃഷ്ടിക്കുക എന്നതാണ് ജനാധിപത്യത്തിലെ വിദ്യാഭ്യാസത്തിന്റെ പ്രധാന ലക്ഷ്യം.

★ ജനാധിപത്യ സ്കൂളുകളുടെ സവിശേഷത അവർ എന്ത്, എങ്ങനെ പഠിപ്പിക്കുന്നു എന്നതിനെ ബാധിക്കുന്ന തീരുമാനമെടുക്കൽ പ്രക്രിയയിൽ വിദ്യാർത്ഥികളെ ഉൾപ്പെടുത്തുന്നതാണ്.

★ ക്ലാസുകൾ ജനാധിപത്യവൽക്കരിക്കുമ്പോൾ അധ്യാപകർ, വിദ്യാർത്ഥികളെ തിരഞ്ഞെടുക്കുന്ന ക്രിയാത്മകമായ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തണം.

★ ജനാധിപത്യ വിദ്യാഭ്യാസം എല്ലാവർക്കും അവസരങ്ങൾ നല്കുന്നു. അത് ജനാധിപത്യപരമായി സംഘടിക്കപ്പെട്ടവയാണ്. അതിലൂടെ വിദ്യാർത്ഥികൾക്ക് അവരുടെ സ്വന്തം പഠനം നിയന്ത്രിക്കാൻ അവരുടെ സ്കൂളിന്റെ ഭരണത്തിൽ പങ്കാളികളാകാനും കഴിയും.

★ വിദ്യാർത്ഥികളിൽ കേന്ദ്രീകൃത അധ്യാപന സമീപനം ഉൾപ്പെടുത്തുന്നു. അത് പഠന

പ്രക്രിയയിൽ വിദ്യാർത്ഥിയുടെ പരമാവധി പങ്കാളിത്തത്തിന്റെ സവിശേഷതയാണ്.

* വിദ്യാർത്ഥികളിൽ ഇത് നീതി, ബഹുമാനം, വിശ്വാസം തുടങ്ങിയ മൂല്യങ്ങൾ ഉയർത്തുകയും ചെയ്യുന്നു.

## നിരന്തര വിലയിരുത്തലിൽ മാതൃക സൃഷ്ടിക്കൽ

* കുട്ടികളുടെ ശേഷികളും വ്യത്യസ്ത മാനദണ്ഡങ്ങളും അനുസരിച്ച് വിലയിരുത്തൽ മാർഗ്ഗരേഖ ഉണ്ടാകണം.

* പഠനത്തിൽ പിന്നോക്കമാണെങ്കിലും പ്രായോഗിക മേഖലയിൽ കഴിവു പ്രകടിപ്പിക്കുന്ന കുട്ടികൾക്കും അവരുടെ പ്രകടനത്തിനനുസരിച്ച് വ്യത്യസ്തമൂല്യനിർണയ സമ്പ്രദായങ്ങൾ ഉണ്ടാകണം.

* മന:പാഠമാക്കിയത് ഉത്തരകടലാസ്സിലേക്ക് പകർത്തുന്നതുമാത്രമല്ല വിലയിരുത്തൽ. പാഠ്യേതര വിഷയങ്ങളിലെ കഴിവും മൂല്യനിർണയം നടത്തണം. അത് പ്രധാനപ്പെട്ട പരീക്ഷാസർട്ടിഫിക്കറ്റിൽ ഉൾപ്പെടുത്തണം.

* ഓരോ ക്ലാസ് പരീക്ഷകൾക്കുശേഷവും കുട്ടിയും രക്ഷിതാക്കളും അധ്യാപകരും തമ്മിൽ ചർച്ച ചെയ്യാൻ അവസരമൊരുക്കണം

* മാതൃഭാഷാപരിജ്ഞാനം വർദ്ധിപ്പിക്കുന്നതിനായി പ്രൈമറി തലത്തിൽ സംയുക്ത ഡയറി ഓരോ ക്ലാസ്സിലും ഉണ്ടാകണം.

## അക്കാദമിക ശോഭയുള്ള പുതിയ വിദ്യാലയത്തെ രൂപപ്പെടുത്തൽ:

* അക്കാദമികമായി കൂടുതൽ നേട്ടം കൈവരിക്കുന്നതിനായുള്ള മാർഗ്ഗങ്ങൾ.
* ഓരോ ക്ലാസിലും നേടേണ്ട ശേഷികൾ നേടിയശേഷം അടുത്തതലത്തിലേക്ക് ക്ലാസ്കയറ്റം നടത്തുക.
* ആധുനിക ശാസ്ത്രീയ സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് science, social കൂടുതൽ എളുപ്പമാക്കുക.
* ഏറ്റവും ബുദ്ധിമുട്ടുള്ള വിഷയമായ കണക്കിനെ കൂടുതൽ രസകരമായി കുട്ടികളിലെത്തിക്കുക.
* നാടകം, short film എന്നിവ കുട്ടികൾക്കായി പ്രദർശിപ്പിക്കുക.
* കലാകായികമേഖലയിൽ കുട്ടികളുടെ കഴിവുകൾ കണ്ടെത്തുന്നതിനായി കാര്യക്ഷമമായ അവസരങ്ങൾ നൽകുക.
* പഠന വൈകല്യമുള്ള കുട്ടികളുടെ ഉന്നമനത്തിനായി പ്രയോജനപ്രദമായ ക്ലാസുകൾ സംഘടിപ്പിക്കുക.
* കുട്ടികൾക്ക് ഹിന്ദി ഭാഷയുടെ കൂടുതൽ താൽപര്യം ഉളവാക്കുന്ന രീതിയിൽ പഠനപ്രവർത്തനങ്ങൾ ആവിഷ്കരിക്കുക.

# പാഠ്യപദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കൽ

കാലാനുസൃതമായി പാഠ്യപദ്ധതിയിൽ മാറ്റം വരുത്തേണ്ടത് അനിവാര്യമാണ്. 5 വർഷത്തിനു-ശേഷമാണ് ഈ മാറ്റം വരുത്തുന്നത്. ആധുനിക സാങ്കേതികവിദ്യയിൽ ഉണ്ടായ ദ്രുതഗതിയിലുള്ള വളർച്ച, തൊഴിൽ നൈപുണ്യം, വിദ്യാഭ്യാസം ഉറപ്പാക്കുന്ന-തിന്റെ ആവശ്യകത, ഉള്ളടക്കത്തിൽ വേണ്ട കാലാനു-സൃതമാറ്റം എന്നിവ കണക്കിലെടുത്ത് നവകേരള-സൃഷ്ടിയ്ക്ക് ഉതകുന്ന രീതിയിൽ പുതിയ പാഠ്യ-പദ്ധതി പൂർത്തീകരിക്കുന്നത്.

## പ്രതിരോധ പ്രവർത്തനപദ്ധതികൾ ഉദ്ദേശങ്ങൾ

ആരോഗ്യമുള്ള ശരീരവും ആരോഗ്യമുള്ള മനസ്സും കുട്ടികളിൽ രൂപപ്പെടുത്തണം. അതിനായി കരാട്ടെ, ഡാൻസ്, സ്കേറ്റിങ്ങ്, അബാക്കസ്, ഡ്രോയിങ്ങ് തുടങ്ങിയവയിൽ കുട്ടികൾക്ക് പരിശീലനം നൽകണം. ഓരോ കുട്ടികളുടെ അഭിരുചിക്കനുസരിച്ച് കുട്ടികൾക്ക് തന്നെ തിരഞ്ഞെടുക്കാൻ അവസരമൊരുക്കണം. പെൺകുട്ടികൾക്ക് ഇവയുടെ കൂടെ സ്വയം പ്രതിരോധത്തിനുള്ള മാർഗങ്ങൾ കൂടിയാണ്. ആഴ്ചയിൽ രണ്ടു ദിവസവും രാവിലെ സ്കൂൾ സമയത്തിന് മുൻപോ സ്കൂൾ സമയത്തിന് ശേഷമോ പരിശീലനത്തിനായി സമയം കണ്ടെത്താം. കുട്ടികളുടെ ഭക്ഷണക്രമവും വ്യായാമവും പരിഗണിക്കണം. രാവിലത്തെ ഭക്ഷണം കുട്ടികൾ എല്ലാവരും കഴിച്ചിട്ടുണ്ട് എന്ന് അധ്യാപകർ ചോദിച്ച് ഉറപ്പുവരുത്തണം. ഉച്ചഭക്ഷണ കാര്യങ്ങളിലും ശ്രദ്ധ ചെലുത്തണം.

കൗൺസിലിങ്ങ് ആവശ്യമുള്ളവർക്ക് കൗൺസിലിങ്ങ് കൊടുക്കണം. ഡാൻസ്, സംഗീത ഉപകരണങ്ങൾ, ഗണിത ശാസ്ത്രകളികൾ തുടങ്ങിയവ പഠനത്തിൽ ഉൾപ്പെടുത്തണം. പൂന്തോട്ട നിർമാണം, കരകൗശലവസ്തുക്കളുടെ നിർമാണം എന്നിവ മാനസികോല്ലാസത്തിന് ആവശ്യമാണ്.

മന്ദപഠിതാക്കൾക്ക് ലൈഫ്സ്കിൽ പോലുള്ള പരിശീലനങ്ങൾ നൽകാം. പരിശീലനമായി സാഹചര്യങ്ങളെ അതിജീവിച്ച് ജീവിതവിജയം നേടിയവരുടെ അനുഭവം, ഡോക്യുമെന്ററി, സിനിമ പ്രദർശനം എന്നിവ തിരഞ്ഞെടുത്ത് കുട്ടികളിലെത്തിക്കാം.

**പ്രത്യേക പരിഗണന അർഹിക്കുന്നവരുടെ പഠനം മെച്ചപ്പെടുത്തുന്നതിനായി പ്രവർത്തനാധിഷ്ഠിത ഇടപെടലുകൾ.**

* ഓരോ കുട്ടികളുടെയും നൈപുണ്യം കണ്ടെത്തി അതിന് പ്രോത്സാഹനം നൽകുക.
* പരിഹാര ബോധനം നടത്തുക.
* പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളുടെ മാതാപിതാക്കൾക്ക് കുട്ടികളോട് എങ്ങനെ പെരുമാറണം എന്നതിനെ കുറിച്ചുള്ള ക്ലാസ്സ് കൊടുക്കുക.
* വിദ്യാലയ അന്തരീക്ഷം അവരുടെ സ്വഭാവമായ നടത്തിപ്പിന് യോഗ്യമായ രീതിയിൽ സജ്ജീകരിക്കുന്നു. ഭിന്നശേഷിയുള്ള കുട്ടികളും. മാനസികമായ ഒരുക്കം പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളുമായി ഇടപഴകുമ്പോൾ ഉണ്ടാകേണ്ടതാണ്.
* കലാ കായിക പ്രവൃത്തി പരിചയ വിഷയങ്ങളിൽ കുട്ടികൾക്ക് പ്രത്യേക പരിഗണന നൽകുകയും പരിശീലനം നൽകുകയും ചെയ്തുവരുന്നു.

Q:18 :- പാർശ്വവൽക്കരിക്കപ്പെടുന്നവരുടെ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് നേരിടുന്ന തടസ്സങ്ങൾ മറികടക്കുന്നതിനും പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ഇടപെടൽ നടത്തി മാതൃകാ സൃഷ്ടികൾ

* എല്ലാവർക്കും തുല്യഅവസരം വിദ്യാഭ്യാസത്തിൽ നൽകണം എന്നതിനെ അടിസ്ഥാനമാക്കി നിറം, സമ്പത്ത്, പണം എന്നിവയുടെ പേരിലുള്ള വിവേചനങ്ങൾ പാടില്ലെന്നുള്ള ബോധവൽക്കരണം നടത്തണം.

* കുട്ടികളെ മനസ്സിലാക്കാൻ അധ്യാപകർ ശ്രമിക്കണം.

* വിദ്യാഭ്യാസ പരമായ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുന്നോട്ടുകൊണ്ടുവരുന്നതിനുള്ള സാഹചര്യങ്ങൾ വിദ്യാലയത്തിൽ തന്നെ ഒരുക്കണം.

## 19 ഇതര സംസ്ഥാന തൊഴിലാളികളുടെ മക്കളെ പരിഗണിക്കൽ

1. ഇത്തരത്തിലുള്ള വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികളുടെ ഭാഷാപരമായ നൈപുണ്യം വർദ്ധിപ്പിക്കാൻ അവർക്ക് വേണ്ടി മാത്രം പ്രത്യേക ഭാഷാ പഠന ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു.

2. രക്ഷിതാക്കൾക്ക് അധ്യാപകരുടെ പിന്തുണ ഉറപ്പു വരുത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുന്നു. (ഗൃഹസന്ദർശനം നടത്തുക)

3. ഇതര സംസ്ഥാന വിദ്യാർത്ഥികളെ നമ്മോട് കൂടിച്ചേർത്ത് നിർത്താൻ ഉതകുന്ന തരത്തിൽ അവരുടെ തനതായ കലാരൂപങ്ങളും ആഘോഷങ്ങളും വിദ്യാലയത്തിൽ ആസൂത്രണം നടത്തുന്നു.

## അധ്യാപകരുടെയും കുട്ടികളുടെയും അവകാശമായ ബോധന പഠന സമയം ഉറപ്പുവരുത്തൽ

വിദ്യാർത്ഥികളുടെ പഠന സമയം കാര്യക്ഷമമാക്കാൻ ചിട്ടയായ ടൈംടേബിൾ ക്രമീകരിക്കണം അതോടൊപ്പം പാഠ്യേതര പ്രവർത്തനങ്ങൾക്കാവശ്യമായ സമയം പഠനസമയത്തിന് അനുസൃതമായി ക്രമീകരിക്കണം. കുട്ടികളുടെ മാനസിക ശാരീരിക വളർച്ചയ്ക്ക് ആവശ്യമായ കലാകായിക പ്രവർത്തനങ്ങൾക്ക് പ്രത്യേക സമയം കണ്ടെത്തണം. അധ്യാപകർക്ക് പഠന സമയം പൂർണ്ണമായി വിനിയോഗിക്കാൻ സാധിക്കണം മേളകളും എക്സിബിഷനുകളും കുട്ടികളുടെ പഠന സമയത്തെ ബാധിക്കാത്ത രീതിയിൽ സംഘടിപ്പിക്കാൻ ശ്രദ്ധിക്കണം. അതോടൊപ്പം Field Trip കളും ഉല്ലാസയാത്രകളും സജ്ജീകരിക്കാൻ അധികൃതർ തയ്യാറാകണം. പ്രാദേശിക അവധികൾക്ക് പകരം നിർബന്ധമായും സജ്ജീകരിക്കണം ഉയർന്ന ക്ലാസുകളിൽ പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് കൂടുതൽ സമയം പഠന ബോധനത്തിന്. പ്രവർത്തനങ്ങൾ ക്രമീകരിക്കാം

1 സ്ക്കൂൾ കൗൺസിൽ

2. കുട്ടിയുടെ പഠനത്തോടൊപ്പം നേരനുഭവം

3 ലൈബ്രറി പ്രവർത്തനങ്ങളും സംഘ-പ്രവർത്തനങ്ങളും സ്കൂളുകളിൽ

4 കുട്ടിയെ മനസ്സിലാക്കി ആവശ്യമുള്ളവർക്ക് കൂടുതൽ സമയം ക്രമീകരിക്കുക.

5 ആവശ്യമായ കുട്ടികൾക്ക് വ്യക്തിപരമായ പിന്തുണ, ആവശ്യമായ പഠന സാമഗ്രി-കളും പദ്ധതിയും

# ഉപസംഹാരം

2023 ൽ കൊറോണയ്ക്കുശേഷം വിദ്യാലയം സാധാരണനിലയിൽ പ്രവർത്തനമാരംഭിച്ചു. കുട്ടികൾ വീണ്ടും പഠനത്തിലും കലാകായികരംഗങ്ങളിലും തങ്ങളുടെ ജൈത്രയാത്ര തുടർന്നു. 2023 March S.S.L.C ക്ക് 100% വിജയവും 35 Full A+ ലഭിച്ചു. 2024 March S.S.L.C ക്ക് 100% വിജയവും 28 ഫുൾ A+ ലഭിച്ചു. 2025

കലാകായികരംഗങ്ങളിലും ഉപജില്ലാ-ജില്ലാതല മത്സരങ്ങളിലും സംസ്ഥാനതലത്തിലും നമ്മുടെ വിദ്യാർത്ഥികൾ തിളക്കമാർന്ന വിജയം കരസ്ഥമാക്കി. പാഠ്യപാഠ്യേതര വിഷയങ്ങളിലും വ്യക്തിരൂപീകരണത്തിലും മികവുറ്റവരാകാൻ പ്രധാനാധ്യാപികയുടെ നേതൃത്വത്തിൽ അധ്യാപകരും വിദ്യാർത്ഥികളും തങ്ങളുടെ പ്രയത്നം തുടർന്നുകൊണ്ടേയിരിക്കുന്നു. നാളെയുടെ നല്ല പൗരന്മാരെ വാർത്തെടുക്കാൻ ഓരോ വിദ്യാലയവും യത്നിച്ചുകൊണ്ടേയിരിക്കുന്നു.

PTA